**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 299** **05-12-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ മെഡിക്കൽ കോളേജിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ; | (എ) | കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിലും, ആശുപത്രിയിലും നിലവിൽ നടന്നുവരുന്ന പ്രധാന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.<br><br>1) പുതിയ ലേഡീസ് ഹോസ്റ്റലിന്റെ “ഒന്നാം നിലയുടെ പണി (ഗ്രൗണ്ട് ഫ്ലോർ) പൂർത്തികരിക്കുകയും 24.11.2022-ന് ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.<br><br>2) പുതിയ ലേഡീസ് ഹോസ്റ്റലിന്റെ രണ്ടാം നിലയുടെ നിർമ്മാണത്തിന് (ഫസ്റ്റ് ഫ്ലോർ) 2 കോടി രൂപയുടെ ഭരണാനുമതി നൽകി പി.ഡബ്ല്യൂ.ഡി ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി ഉത്തരവ് നൽകി നിർമ്മാണ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.<br><br>3) കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിൽ NCISM ന്റെ എം.എസ്.ആർ പ്രകാരം സ്ഥാപിക്കുന്ന ആനിമൽ ഹൗസിനും സെൻട്രൽ റിസർച്ച് ലബോറട്ടറിക്കുമായി പി.ഡബ്ല്യൂ.ഡി യിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.<br><br>4) കണ്ണൂർ ഗവൺമെൻറ് ആയുർവേദ കോളേജ് ആശുപത്രിയുടെ ഭാഗമായി 1.92 കോടി രൂപ ചെലവിൽ പേ-വാർഡിന്റെ നിർമ്മാണ പ്രവർത്തനം അവസാനഘട്ടത്തിലാണ്.<br><br>5) കണ്ണൂർ ഗവൺമെൻറ് ആയുർവേദ കോളേജ് ആശുപത്രിയിൽ ഐ.പി കെട്ടിടത്തിന്റെ ടൈൽ പാകൽ, ഫിസിയോതെറാപ്പി യൂണിറ്റിലെ നവീകരണ പ്രവൃത്തികൾക്കുമായി 21.66 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും തുക പിഡബ്ല്യൂ.ഡി അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2022-23 വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിന്റെയും |

| | | | |
|---|---|---|---|
| | | | ആശുപത്രിയുടെയും പദ്ധതികൾ ചുവടെ കൊടുക്കുന്നു.<br><br>1) ലേഡീസ് ഹോസ്റ്റലിന്റെ മൂന്നാം നില (സെക്കന്റ് ഫ്ലോർ) യുടെ നിർമ്മാണത്തിനായി 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>2) സെൻട്രൽ റിസർച്ച് ലാബ് കെട്ടിടത്തിന് വേണ്ടി 29.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. രോഗനിദാന, അഗദതന്ത്ര മ്യൂസിയങ്ങളുടെ അറ്റകുറ്റപ്പണിക്കായി 8.82 ലക്ഷം രൂപയുടെ ഭരണാനുമതിയും നേഴ്സ് ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികൾക്കായി 10.50 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.<br><br>3) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ സിസ്റ്റം സ്ഥാപിക്കുന്നതിന് 38.10 ലക്ഷം രൂപയുടെയും, എ ബ്ലോക്ക് കെട്ടിടത്തിന്റെ റി-വയറിംഗിനായി 20.10 ലക്ഷം രൂപയുടെയും ഭരണാനുമതിയും നൽകിയിട്ടുണ്ട്.<br><br>4) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേക്ക് റാംമ്പ് നിർമ്മാണം, ആശുപത്രിയിലെ ജനാലകൾക്കും എയർഹോളുകൾക്കും കൊതുകുവല പിടിപ്പിക്കൽ എന്നിവയ്ക്ക് 17.54 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ടി തുകകൾ പി.ഡബ്ല്യു.ഡി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| (ബി) | 2023-24 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി പരിയാരം ആയുർവ്വേദ കോളേജിൽ നിന്നും സമർപ്പിച്ച പ്രധാന പ്രോജക്ട് ഏതൊക്കെയാണ്; വിശദമാക്കാമോ? | (ബി) | 2023-24 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിൽ നിന്നും, ആശുപത്രിയിൽ നിന്നും സമർപ്പിച്ച പ്രധാന പ്രോജക്ടുകൾ ചുവടെ ചേർക്കുന്നു.<br><br>1. പി.ജി ഹോസ്റ്റൽ ഫോർ മെൻ & വുമൺ - 2 കോടി രൂപ.<br><br>2.ക്ലാസ്-3 ജീവനക്കാർക്കു വേണ്ടിയുള്ള ടൈപ്പ്-2 ക്വാർട്ടേഴ്സ് - 2 കോടി രൂപ.<br><br>3. നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്ന പേ വാർഡിന് ലിഫ്റ്റിന്റെ ക്യാബിൻ നിർമ്മാണം - 22 ലക്ഷം രൂപ |

സെക്ഷൻ ഓഫീസർ